
# TITBITS OF SME HISTORY

From ISED Small Enterprise Observatory




## ഡോ. പി.എം. മാത്യു കേന്ദ്ര വിദഗ്ദ്ധ സമിതിയിൽ

ചെറുകിട വ്യവസായ മേഖലയെ സംബന്ധിച്ച സമഗ്ര പഠനത്തിനായി ആസൂത്രണ കമ്മീഷൻ നിയമിച്ച വിദഗ്ദ്ധ സമിതിയിൽ വെണ്ണലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മോൾ എൻറർപ്രൈസസ്സ് ആൻറ് ഡെവലപ്മെൻറ് (ഐ.എസ്സ്.ഇ.ജി) ഡയറക്ടർ ഡോ. പി.എം. മാത്യു അംഗമായി. സാമ്പത്തിക രംഗത്തെ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ, ചെറുകിട വ്യവസായ മേഖലയിൽ സമൂഹ നയപരിഷ്കാരങ്ങൾ നിർദ്ദേശിക്കുകയാണ്, ആസൂത്രണ കമ്മീഷൻ അംഗം ഡോ. എസ്സ്.പി. ഗുപ്ത ചെയർമാനായുള്ള ഈ ഉന്നതതല സമിതിയുടെ ചുമതല. കേന്ദ്ര ചെറുകിട വ്യവസായ വകുപ്പ് സെക്രട്ടറി സി.ടി. ബെഞ്ചമിൻ, ചെറുകിട വ്യവസായ വികസന ബാങ്ക് (സിഡ്ബി) മാനേജിംഗ് ഡയറക്ടർ ഡോ. ശൈലേന്ദ്ര നാരായണൻ എന്നിവരും സമിതിയിൽ അംഗങ്ങളാണ്.

വിദഗ്ദ്ധ സമ്മിതിയുടെ ശുപാർശകളടങ്ങുന്ന റിപ്പോർട്ട് ആറുമാസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ചെറുകിട വ്യവസായി സംഘടനകളും ഈ മേഖലയുമായി ബന്ധപ്പെട്ട മറ്റാളുകളും, തങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾ നേരിട്ടോ കത്തുമുഖേനയോ അറിയിക്കാൻ ഡോ. മാത്യു അഭ്യർത്ഥിച്ചു. വിലാസം: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മോൾ എൻറർപ്രൈസസ്സ് ആൻറ് ഡെവലപ്മെൻറ്, ഐ.എസ്സ്.ഇ.ഡി. റോഡ്, വെണ്ണല, കൊച്ചി-28. ഫോൺ: 347884, 335171.